(ബി) നിലവിലുള്ള ഫിസിക്സ് റാങ്ക് ലിസ്റ്റിൽ നിന്നും എത്രപേരെ നിയമിച്ചു ;

(സി) വി.എച്ച്.എസ്.ഇ. വിഭാഗത്തിൽ ഡെപ്യൂട്ടേഷനിൽ മറ്റ് തസ്തികകളിൽ നിന്നും അദ്ധ്യാപകരായി ജോലി ചെയ്യുന്നവർ എത്രയാണ് ;

(ഡി) ഹയർ സെക്കണ്ടറി, വി.എച്ച്.എസ്.ഇ വിഭാഗങ്ങളിലുള്ള ഫിസിക്സ് വിഷയത്തിലെ ഒഴിവുള്ള മുഴുവൻ തസ്തികകളിലേക്കും നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഹയർ സെക്കണ്ടറി/വി.എച്ച്. എസ്. ഇ വിഭാഗങ്ങളിലായി ഫിസിക്സ് അദ്ധ്യാപകരുടെ 34 ഒഴിവുകളും ജൂനിയർ അദ്ധ്യാപകരുടെ 213 ഒഴിവുകളും നിലവിലുണ്ട്.

(ബി) പി.എസ്.സി.-യിൽ നിന്ന് അഡ്വൈസ് ലഭിക്കാത്തതിനാൽ ആർക്കും നിയമനം നൽകിയിട്ടില്ല.

(സി) നോൺ വൊക്കേഷണൽ ഫിസിക്സ് (ജൂനിയർ) അദ്ധ്യാപക തസ്തികയിൽ ഡെപ്യൂട്ടേഷനിൽ മറ്റ് തസ്തികയിൽ നിന്നും ജോലി ചെയ്യുന്നവർ ഇല്ല.

(ഡി) പി.എസ്.സി.-യിൽ നിന്ന് അഡ്വൈസ് ലഭിക്കുന്ന മുറക്ക് നിയമനം നൽകുന്നതാണ്.

മലപ്പുറം ജില്ലയിലെ എൽ.പി.എസ്.എ. റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം

67 (3794) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ നിലവിലുള്ള എൽ.പി.എസ്.എ. റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെയായി എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്; എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; പ്രസ്തുത ലിസ്റ്റിൽ എത്ര പേർ അവശേഷിക്കുന്നുണ്ട്;

(ബി) പ്രസ്തുത തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ അടിയന്തിരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 401 പേർക്ക് നിയമനം നൽകി. 469 ഒഴിവുകൾ മൊത്തം റിപ്പോർട്ട് ചെയ്തു. 68 പേർക്ക് നിയമനം നൽകുവാൻ സാധിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2014-15 വർഷത്തെ തസ്തിക നിർണ്ണയം നടന്നതിനാൽ 2010-11 വർഷത്തെ തസ്തിക നിർണ്ണയപ്രകാരം റിപ്പോർട്ട് ചെയ്യപ്പെട്ട മേൽപ്പറഞ്ഞ 68 ഒഴിവുകൾ അടക്കം എൽ.പി.എസ്.എ. തസ്തികകളിൽ 81 ഒഴിവുകൾ നഷ്ടപ്പെട്ടുകയുണ്ടായി. കൂടാതെ ജില്ലയിൽ സർക്കാർ പ്രൈമറി തലത്തിൽ അനുവദിച്ച തസ്തികകളേക്കാൾ 270 എൽ.പി.എസ്.എ.-മാർ അടക്കം 371 പ്രൈമറി അദ്ധ്യാപകർ അധികമായി വരുകയും ചെയ്ത സാഹചര്യത്തിൽ നിലവിൽ ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ സാധിക്കുന്നില്ല.

കണ്ണൂർ സ്പോർട്സ് ഡിവിഷൻ ഹോസ്റ്റലിന്റെ ശോച്യാവസ്ഥ

68 (3796) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ നേരിട്ട് നടത്തുന്ന കണ്ണൂർ സ്പോർട്സ് ഡിവിഷൻ ഹോസ്റ്റലിന്റെ ശോച്യാവസ്ഥ സംബന്ധിച്ച നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ സ്ഥിരം ജീവനക്കാർ ഇല്ലാത്തതിനാൽ ഉണ്ടാകുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) നിലവിൽ നൽകുന്ന ഭക്ഷണ വിഹിതം അപര്യാപ്തമായതിനാൽ അത് വർദ്ധിപ്പിയ്ക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) കുട്ടികൾക്ക് ആവശ്യമായ സ്പോർട്സ് കിറ്റ്, കളി ഉപകരണങ്ങൾ എന്നിവ നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഇ) കോച്ചുമാരുടെ ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കുമോ ;

(എഫ്) പുതിയ കെട്ടിടം പണിയുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ജി) സ്പോർട്സ് ഹോസ്റ്റലിന്റെ അടിസ്ഥാന സൗകര്യവികസനത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി) 26-2-2014-ലെ സ.ഉ. (ആർടി.) നമ്പർ 1056/14/പൊ.വി.വ. പ്രകാരം ഭക്ഷണവിഹിതം 90 രൂപയിൽനിന്നും 120 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(ഡി) സ്കൂളിൽ നിന്നും സമർപ്പിക്കുന്ന പ്രൊപ്പോസലുകളുടെ അടിസ്ഥാനത്തിൽ ഈ ഇനങ്ങളിൽ വേണ്ടത്ര ഫണ്ട് അതാത് വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കുകയും വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly